# സപ്ലൈകോ ടെണ്ടർ മാനദണ്ഡങ്ങളെക്കുറിച്ചുള്ള പ്രചരണത്തില് അടിസ്ഥാനമില്ല :സി എം ഡി

സപ്ലൈകോ സെപ്റ്റംബര് മുതല് ഡിസംബർ വരെ നാലുമാസത്തേക്ക് റേഷൻ കാർഡുടമകൾക്കായി നൽകുന്ന കിറ്റിലെ ഉല്പന്നങ്ങൾക്ക് ടെണ്ടർ നൽകുന്നതിൽ നിന്ന് ചെറുകിടക്കാരെ ഒഴിവാക്കിയെന്ന വാർത്ത പ്രചരിപ്പിക്കുന്നത് അടിസ്ഥാന രഹിതമാണെന്ന് സി എം ഡി അലി അസ്ഗർ പാഷ അറിയിച്ചു.

സി സി ഐ എസ് (സെൻട്രലി കൺസോളിഡേറ്റഡ് ഇൻഡെൻറിങ് സിസ്റ്റം), സി എൽ സി ( സെൻട്രലി ലിസ്റ്റഡ് കമ്പനീസ്), എൽ എൽ സി (ലോക്കലി ലിസ്റ്റഡ് കമ്പനീസ്), എന്നിവർക്കും കൂടാതെ, കേരളത്തിലെ ഉല്പാദകർക്കും ടെണ്ടറില് പങ്കെടുക്കാനവസരമുണ്ട്. അവര് കേരളത്തിലായതുകൊണ്ട് അവരുടെ ഉല്പന്നങ്ങള് കൃത്യമായി പരിശോധിക്കാനും വിലയിരുത്താനും സർക്കാരിനവസരമുണ്ട്. സംസ്ഥാനത്തിനകത്ത് തൊഴിലവസരങ്ങൾ ഇതുമൂലം സംജാതമാകും. അവരുമായി അനുമതി പത്രമുണ്ടാക്കാനും കൃത്യമായി പരിശോധിക്കാനും കഴിയുമെന്നതിനാലാണ് ഇത്തരത്തിൽ തീരുമാനമെടുത്തത്. കൂടാതെ ഇവർക്ക് കുടിശിക തുക നൽകാനുമുണ്ട്. മറ്റുള്ളവര് അന്യസംസ്ഥാനത്തു നിന്നു കൊണ്ടു വരുന്ന ഉല്പന്നങ്ങളായിരിക്കും വിതരണം ചെയ്യുക . ഗുണനിലവാരമില്ലാത്ത അത്തരം ഉല്പന്നങ്ങള് നൽകിയാല് അത് സപ്ലൈകോയുടെ പ്രവർത്തനങ്ങളെ ബാധിക്കും . ഇക്കാര്യങ്ങള് മുൻനിർത്തിയാണ് സപ്ലൈകോ മാനദണ്ഡങ്ങളില് ഉറച്ചു നിൽക്കുന്നതെന്നും സി എം ഡി അറിയിച്ചു.

ചെറുകിടക്കാരെ തഴയാനോ മാറ്റി നിർത്താനോ വേണ്ടിയല്ല . ഗുണനിലവാരത്തോടുകൂടി ജനങ്ങൾക്ക് ഭക്ഷ്യ വസ്തുക്കള് ലഭ്യമാക്കണമെന്ന ഉദ്ദേശമേയുള്ളൂ. മേൽപ്പറഞ്ഞ മാനദണ്ഡങ്ങളുള്ളവരുടെ ഉല്പന്നങ്ങൾക്ക് എന്തെങ്കിലും കാരണവശാല് നിലവാര പ്രശ്നമുണ്ടായാല് നിയമ നടപടിയ്ക്കും പിഴ ഈടാക്കുവാനും കഴിയുമെന്ന കാരണത്താല് മാത്രമാണ് സപ്ലൈകോ ഇത്തരം നടപടിയ്ക്കൊരുങ്ങിയിട്ടുള്ളത്. മറ്റെല്ലാം അഭ്യൂഹങ്ങളിൽ നിന്നുണ്ടായ പ്രചരണമാണെന്നും ഇതില് നിന്ന് ബന്ധപ്പെട്ടവർ വിട്ടുനില്ക്കണമെന്നും സി എം ഡി അഭ്യർത്ഥിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ
സപ്ളൈകോ